Draft #5 of File 9976/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 09-Jun-2023 03:10 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി, പ്രസവാവധി എന്നിവ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ടുള്ള തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6524/AC A 1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.06.2023

---

*പരാമർശം:*-1.U.G.C സെക്രട്ടറിയുടെ 14.12.2021-ലെ കത്ത് നം.21-116/2021(CPP-II)

2.ഉത്തരവ് നമ്പർ .490/AC A1/2023/എം .ജി.യു തീയതി 16.01.2023

3.ഉത്തരവ് നമ്പർ .1682/AC A1/2023/എം .ജി. യു തീയതി 13.02.2023

4.സ .ഉ (കൈ )നം .33/2023/HEDN തീയതി 19.01.2023

5.10.04.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ . 160/23.02/9976/AC A1-2/2023

6.സർവ്വകലാശാല ഉത്തരവ് നം.5102/ACA1/2023/എം.ജി.യു തീയതി, 09.05.2023

6.5102/AC A1/2023/എം .ജി. യു തീയതി 09.05.2023

**ഉത്തരവ്**

യു.ജി.സി യിൽ നിന്നും ലഭിച്ച പരാമർശം (1) കത്തിൽ നിർദ്ദേശിച്ചത് പ്രകാരം സർവ്വകലാശാലയിലെ വിവിധ യു.ജി/പി.ജി/ ഇന്റഗ്രേറ്റഡ്/ പ്രൊഫഷണൽ പ്രോഗ്രാമുകളിൽ അധ്യയനം നടത്തുന്ന വിദ്യാർഥിനികൾക്ക് പ്രസവാവധി അനുവദിച്ചുകൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടി ഉത്തരവിന് 01.06.2022 മുതൽ പ്രാബല്യം നിശ്ചയിച്ചുകൊണ്ട് പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വകലാശാലകളിലേയും വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി അനുവദിച്ചുകൊണ്ടും അറ്റന്റൻസിനുള്ള പരിധി വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പടെ 73 ശതമാനമായി നിശ്ചയിച്ച കൊണ്ടും കൂടാതെ 18 വയസ്സ് കഴിഞ്ഞ വിദ്യാർത്ഥിനികൾക്ക് പരമാവധി 60 ദിവസം വരെ പ്രസവാവധി അനുവദിച്ചുകൊണ്ടും പരാമർശം(4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി സർക്കാർ ഉത്തരവ്, സർവ്വകലാശാലയിൽ നടപ്പിലാക്കുന്ന വിഷയം പരിഗണിച്ച 10.04.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (5) പ്രകാരം വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി, പ്രസവാവധി എന്നിവ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവും പരാമർശം(1) , (2) ഉത്തരവുകളും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിച്ചുകൊണ്ട് പരാമർശം (4) സർക്കാർ ഉത്തരവ്

നടപ്പിലാക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും തദനുസരണം പരാമർശം (6) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ആയത് പ്രകാരം പരാമർശ വിഷയം വൈസ് ചാൻസലർ പരിഗണിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

*"1.സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലാത്തതും സർവ്വകലാശാ ഉത്തരവിൽ ഉള്ളതുമായ മെഡിക്കൽ ടെർമിനേഷൻ, ഗർഭം അലസൽ, വൈകിയുള്ള ഗർഭഛിദ്രം, ഗർഭം അവസാനിപ്പിക്കൽ അല്ലെങ്കിൽ ട്യൂബക്ടമി ഓപ്പറേഷൻ എന്നിവക്ക് അനുവദിച്ച 14 ദിവസത്തെ അവധി തുടർന്നും നിലനിർത്തുന്നതിനും*
*2.സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ആർത്തവാവധി സർവ്വ കലാശാലയിലും കോളേജുകൾ ഉൾപ്പെടെ ഉള്ള സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനും*
*3.വിദ്യാർഥിനികൾക്ക് പരീക്ഷക്ക് രജിസ്റ്റർ ചെയ്യാനുള്ള മിനിമം ഹാജർ 73 % മതി എന്ന് വ്യവസ്ഥ നടപ്പിലാക്കുന്നതിനും*
*4.സർവ്വകലാശാല 01/06/2022 മുതൽ നടപ്പിൽ വരുത്തിയ ആനുകൂല്യങ്ങൾ ടി തിയതി മുതൽ തന്നെ പ്രാബല്യത്തിൽ നിലനിർത്തുന്നതിനും*
*5.പരാമർശം(1)&(2) ഉത്തരവുകളിൽ ഉൾപ്പെടാത്തതും സർക്കാർ ഉത്തരവിലൂടെ 19/01/2023 മുതൽ പ്രാബല്യത്തിൽ കൊണ്ട് വന്നതുമായ ആനുകൂല്യങ്ങൾ സർവ്വകലാശാലയിലും അന്നേ ദിവസം മുതൽ പ്രാബല്യത്തിൽ കൊണ്ട് വരുന്നതിനും".*

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ / പഠന വകുപ്പുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക്
5.പി.ആർ.ഒ / ഫ്രണ്ട് ഓഫീസ്/ ഐ.ക്യു.എ.സി / ഐ.റ്റി.സെൽ / യൂണിവേഴ്സിറ്റി വെബ് സൈറ്റ്

Draft #5 of File 9976/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 09-Jun-2023 03:10 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6.എ.സി.സി 1/2/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്/സർവകലാശാലയിലെ വിവിധ സെക്ഷനുകൾ .

7.റെക്കോർഡ് സെക്ഷൻ /സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 9976/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 09-Jun-2023 03:10 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം